**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

IT CELL - സർവകലാശാലയിൽ ആവശ്യമായ ഐ ടി ഇൻഫ്രാസ്ട്രക്ച്ചർ, സോഫ്റ്റ്‌വെയർ വികസനം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഒരു ഐ . ടി. സെൽ രൂപീകരിക്കുന്നതിനായുള്ള പദ്ധതി അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പ്ലാനിംഗ് & ഡവലപ്മെന്റ് 1**

നമ്പർ. 2373/P&D 1/2020/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 08.06.2020

---

*പരാമർശം:*-1 . ഉത്തരവ് നമ്പർ.6079/എ ഡി എ1 /2019/ എം ജി യു , തീയതി 29.11.2019

2 . ഡോ. ബിന്ദു വി .ആർ. ,പ്രൊഫസർ, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് കൺവീനറായ സമിതി 21.4.2020 ൽ സമർപ്പിച്ച ശുപാർശ

3. 26.5.2020ൽ കൂടിയ സിന്റിക്കേറ്റ് യോഗത്തിന്റെ മിനുട്സ് ഇനം നമ്പർ 171/20.02/16215/P&D1/1/2020 പ്രകാരമുള്ള തീരുമാനം.

**<u>ഉത്തരവ്</u>**

സർവകലാശാലയിൽ ഒരു ഐ ടി സെൽ രൂപീകരിക്കുന്നതിനു പരാമർശം (1), (2) എന്നിവ പ്രകാരം സമർപ്പിക്കപ്പെട്ട ശുപാർശകൾ പരിഗണിച്ച സിന്റിക്കേറ്റ് പരാമർശം (3) പ്രകാരം താഴെപ്പറയുന്ന തീരുമാനം കൈക്കൊണ്ടു.

'സർവകലാശാലയിൽ ആവശ്യമായ ഐ ടി ഇൻഫ്രാസ്ട്രക്ച്ചർ, സോഫ്റ്റ്‌വെയർ വികസനം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഒരു ഐ . ടി. സെൽ രൂപീകരിക്കുന്നതിനായുള്ള ബഹു. വൈസ് ചാൻസലർ ചുമതലപ്പെടുത്തിയ ഡോ. ബിന്ദു വി .ആർ. ,പ്രൊഫസർ, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് കൺവീനറായ സമിതി സമർപ്പിച്ച ശുപാർശ, ഇപ്പോൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ഇത്തരത്തിലൊരു ഐ ടി സെൽ അത്യാവശ്യമായതിനാൽ പ്രസ്തുത പദ്ധതി അംഗീകരിക്കുവാൻ തീരുമാനിച്ചു.

നിലവിൽ പല വിഭാഗങ്ങളായി പ്രവർത്തിക്കുന്ന സോഫ്റ്റ് വെയർ ഡവലപ്പ്മെൻറ് ടീമുകളെ ഐ.റ്റി സെല്ലിൻറെ കീഴിൽ ആക്കാവുന്നതാണ്. എന്നാൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനു വേണ്ടി വരുന്ന ചെലവ് എല്ലാ ആവശ്യങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതുണ്ട്. നിലവിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന തസ്തികയുടെ രൂപീകരണവും സാമ്പത്തിക ബാധ്യതയും മാത്രമാണ് പദ്ധതിയിൽ സൂചിപ്പിച്ചിരിക്കുന്നത്. ഐ.റ്റി സെല്ലിൻറെ പ്രവർത്തനത്തിന് ആവശ്യമായി വരുന്ന ബജറ്റ് പ്രത്യേകമായി തയ്യാറാക്കി ബന്ധപ്പെട്ട സമിതികളിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണെന്നും തീരുമാനിച്ചു.

Director, IT Cell, Senior Systems Analyst, Systems Administrator എന്നീ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനും വിജ്ഞാപനം നടത്തുന്നതിനും തീരുമാനിച്ചു. ഐ.റ്റി സെല്ലിൻറെ പ്രവർത്തനത്തിന് ആവശ്യമായി വരുന്ന ബജറ്റ് പ്രത്യേകമായി തയ്യാറാക്കി ബന്ധപ്പെട്ട സമിതികളിൽ നിന്നും അംഗീകാരം വാങ്ങുന്നതിന് വൈസ് ചാൻസലറെ

Draft #3 of File 16215/P&D1/1/2020 Approved by DEPUTY REGISTRAR (P & D) on 06-Jun-2020 12:22 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ച്ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.'

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദിലീപ് കുമാർ ആർ

ഡപ്യൂട്ടി രജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വി സി,പി വി സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2.രജിസ്ട്രാർ,ഫിനാൻസ് ഓഫീസർ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
3.ഡോ ബിന്ദു വി ആർ, പ്രൊഫസർ , സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ്
4.ഫിനാൻസ് 1
5.ഓഡിറ്റ് 1
6.എ സി സി സെക്ഷൻ
7.ഐ ക്യൂ എ സി / എ ഡി . എ 5 / ഡി .ആർ ( CETEX ) / സിസ്റ്റം മാനേജർ (i / c ) / എസ് .ഒ ( CETEX )
8.കെ എസ് എ ഡി / സി എം എസ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 16215/P&D1/1/2020 Approved by DEPUTY REGISTRAR (P & D) on 06-Jun-2020 12:22 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം